# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.752 13.06.2012 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാറിൽ പുതിയ ഡാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ ഭീഷണിയായി തീർന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിലേക്ക് സർക്കാർ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തി കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ (ഐ.എൽ.ഡിഎം, എച്ച്.വി.ആർ.എ. സെൽ, ഭൗമശാസ്ത്ര പഠന കേന്ദ്രം യുഎൻഡിപി, ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) സംയുക്തമായി മുല്ലപ്പെരിയാറിൽ ഒരു |

ക്രൈസ്സിസ് മാനേജ്മെന്റ് പ്ലാൻ നടപ്പാക്കി വരുന്നു. മുല്ലപ്പെരിയാർ ഡാം തകരുകയാണെങ്കിൽ ഇടുക്കി വരെ ഉണ്ടാകുന്ന വെള്ളത്തിന്റെ പരമാവധി ഉയരത്തിനുമേൽ (45 മീറ്റർ) സുരക്ഷിത സ്ഥാപനങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ട്. (Flood Field Mapping). വിഎച്ച്എഫ് റേഡിയോ പ്രവർത്തിപ്പിക്കുന്നതിനും പരിപാലനത്തിനും വേണ്ട പരിശീലനം ഇടുക്കി ജില്ലയിലെ വില്ലേജ് ഓഫീസർ മാർക്കും വില്ലേജ് അസിസ്റ്റന്റുമാർക്കും നല്കിയിട്ടുണ്ട്. സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതിയിലൂടെ തദ്ദേശവാസി കളെ ബോധവത്കരിക്കാനുള്ള പ്രവർത്തന ങ്ങൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഈ പ്രദേശത്തെ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. വാർഡുതലത്തിൽ ബന്ധപ്പെട്ട വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡിലെ പ്രധാനപ്പെട്ട എല്ലാ സംഘടനകളേയും ഉൾപ്പെടുത്തി വാർഡുനിവാസികൾക്ക് ആവശ്യമായ പരിശീലനം (പ്രഥമ

ശുശ്രൂഷ, രക്ഷാ പ്രവർത്തനവും, ക്യാമ്പ് നടത്തിപ്പ് എന്നിവയിൽ) നല്കി വരുന്നു. കൂടാതെ ടി പ്രദേശത്തെ സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പദ്ധതിയും നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ സുരക്ഷയെ പറ്റി കുട്ടികളിൽ അവബോധം വരുത്തുക, ജീവൻ രക്ഷാ ഉപായങ്ങളെ പറ്റി മനസ്സിലാക്കുക, കുട്ടികൾക്ക് മാനസിക സംഘർഷം ലഘൂകരിക്കാനുതകുന്ന പരിശീലനം എന്നിവ 46 സ്കൂളുകളിലായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉൾപ്പെടെ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ എല്ലാ സ്കൂളുകളിലും സ്കൂൾ ദുരന്ത നിവാരണ സമിതി രൂപീകരിച്ച് പരിശീലനം നല്കി വരുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ മോക് ഡ്രിൽ നടത്തുവാനും, സ്കൂൾ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ, ദുരന്തസമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് Incidents

| | |
|---|---|
| | Response System (IRS) നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |
| **(ബി)** മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥ പരിഗണിച്ച് പുതിയ ഡാം നിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | **(ബി)** സർവ്വെയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ച് പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാമിന്റെ രൂപകൽപ്പന പൂർത്തിയാക്കി ഡാമിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിനും ഉന്നതാധികാര സമിതിക്കും സമർപ്പിച്ചു. പുതിയ ഡാമിന്റെ അഡീഷണൽ ഏരിയയുടെ പരിസ്ഥിതി ആഘാതപഠനം നടത്താനായി പ്രഗതി ലാബ്സ് & കൺസൾട്ടൻസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പുതിയ ഡാമിന്റെ നിർമ്മാണ നിർവ്വഹണത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകുന്നതിന് വിശദമായ പദ്ധതി നിർദ്ദേശം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ